# 2005-ലെ 21-ാം ആക്റ്റ്

# 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് *

കേരള സംസ്ഥാനത്തെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ജൈവ വൈവിദ്ധ്യം പരിരക്ഷിക്കുന്നതിനും അങ്ങനെയുള്ള പ്രദേശങ്ങളുടെ കാര്യകർതൃത്വത്തിനുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—ഭൂമിയിലെ ജൈവ വിഭവങ്ങൾ, അവയുടെ അന്തർഗതവും നൈസർഗ്ഗികവും പാരിസ്ഥിതികവും ജനിതകവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ശാസ്ത്രീയവും വിദ്യാഭ്യാസപരവും വിനോദപരവും സൗന്ദര്യാത്മകവും ആയ മൂല്യങ്ങളോടുകൂടി, അഭംഗുരമായ സാമ്പത്തികവും സാമൂഹികവുമായ അഭിവൃദ്ധിക്കും പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിനും കൂടാതെ മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനുതന്നെയും അത്യന്താപേക്ഷിതമായ ഒരു ആഗോള മുതൽക്കൂട്ടും പൊതു സ്വത്തും ആയിരിക്കുന്നതിനാലും;

ജൈവ വൈവിദ്ധ്യം സംരക്ഷിക്കേണ്ടതിന്റെ അടിസ്ഥാനപരമായ ആവശ്യകത പരിസ്ഥിതിയേയും സ്വാഭാവിക ആവാസ വ്യവസ്ഥകളേയും പരിരക്ഷിക്കുകയും ജീവനക്ഷമമായ എല്ലാ ജീവജാലങ്ങളെയും അവയുടെ സ്വാഭാവിക ചുറ്റുപാടുകളിൽ നിലനിർത്തുകയും വീണ്ടെടുക്കുകയും ചെയ്യുക എന്നതായിരിക്കുന്നതിനാലും;

പ്രകൃതിയുടേയും പ്രകൃതി വിഭവങ്ങളുടേയും സംരക്ഷണത്തിനുവേണ്ടിയുള്ള അന്തർദ്ദേശീയ യൂണിയൻ ജൈവവൈവിദ്ധ്യത്തിന്റെ സുപ്രധാന മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പശ്ചിമഘട്ടത്തിലെ ഉഷ്ണമേഖലാ വനങ്ങൾ വീണ്ടെടുക്കാനാവാത്ത വിധം അതിവേഗം നശിച്ചുപോയേക്കാവുന്ന ജൈവവൈവിദ്ധ്യത്തിന്റെ അമൂല്യമായ കലവറകൾ ആയിരിക്കുന്നതിനാലും;

---

* 2005 ഏപ്രിൽ 25-ാം തീയതി രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും 2005 മേയ് 3-ാം തീയതിയിലെ 929-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

കോടാനുകോടി വർഷങ്ങളിലൂടെ പരിണാമം പ്രാപിച്ചുണ്ടായ ജൈവവൈവിദ്ധ്യങ്ങൾ കുറഞ്ഞുപോകുന്നതും നശിച്ചുപോകുന്നതും കഴിയുന്നത്ര കുറച്ചുകൊണ്ട് പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ ഫലപ്രദമായി പരിരക്ഷിക്കുന്നത് അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നതിനാലും;

ശരിയായ ശാസ്ത്രീയ തത്വങ്ങളിൽ അധിഷ്ഠിതമായ കാര്യകർത്തൃത്വ പദ്ധതികൾക്കനുസരിച്ച് അത്തരം ഭൂപ്രദേശങ്ങളുടെ നടത്തിപ്പ് അവയുടെ പാരിസ്ഥിതിക അതിർത്തികൾക്കുള്ളിൽ സംയോജിതവും ഏകീകൃതവുമായ രീതിയിൽ നിർവഹിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിനാലാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

**1.** ചുരുക്കപ്പേരും പ്രാരംഭവും.—**(1)** ഈ ആക്റ്റിന് **2003**-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ആക്റ്റ് എന്ന് പേർ പറയാം.

**(2)** ഇത് **2000**-ാമാണ്ട് ജൂൺ മാസം രണ്ടാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

**2.** നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,

(എ) 'സൂക്ഷിപ്പുകാരൻ' എന്നാൽ സംസ്ഥാനത്തെ പ്രധാന മുഖ്യ വനപാലകൻ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള സൂക്ഷിപ്പുകാരന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവഹിക്കുന്നതിനുമായി ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിയമിക്കുന്ന കൺസർവേറ്ററുടെ പദവിയിൽ താഴെയല്ലാത്ത മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ബി) 'പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ' എന്നാൽ,—

(i) ഏതെങ്കിലും ആളിന്റെ കൈവശമുള്ളതും ഒരു റിസർവ് വനത്തോടോ ഒരു നിക്ഷിപ്ത വനത്തോടോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഏറിയകൂറും സ്വാഭാവികമായി വളർന്നുവന്ന സസ്യജാലങ്ങൾ നിറഞ്ഞതുമായ മറ്റേതെങ്കിലും വനഭൂമിയോടോ ചേർന്നുകിടക്കുന്നതോ അതിനാൽ ചുറ്റപ്പെട്ടതോ ആയ വനഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ എന്നും;

(ii) പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളായി 4-ാം വകുപ്പുപ്രകാരം സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും ഭൂമി എന്നും, അർത്ഥമാകുന്നു;

(സി) 'വനം' എന്നാൽ മുഖ്യമായും സ്വാഭാവികമായി വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ് വനമെന്നോ സംരക്ഷിതവനമെന്നോ മറ്റേതെങ്കിലും തരത്തിലോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ ഏതൊരു വനവും ഉൾപ്പെടുന്നതും എന്നാൽ പ്രധാനമായും തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക്, കശുമാവ് എന്നിവപോലെയുള്ള ദീർഘകാലവിളകളിലേതെങ്കിലും കൃഷി ചെയ്തിട്ടുള്ള ഏതൊരു ഭൂമിയോ വാസഗൃഹങ്ങളിലിരിക്കുന്നതും അതിന് ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായിട്ടുള്ളതുമായ മറ്റേതെങ്കിലും ഭൂമിയോ അതിൽ ഉൾപ്പെടാത്തതുമാകുന്നു;

(ഡി) 'ഭൂമി' എന്നതിൽ നദികളും അരുവികളും അവയുടെ ഉത്ഭവസ്ഥാനങ്ങളും മറ്റ് ജലാശയങ്ങളും ഉൾപ്പെടുന്നു;

(ഇ) 'സ്വാഭാവിക സസ്യജാലം' എന്നാൽ ഭൂമിയിൽ ഏറിയ കൂറും പ്രകൃത്യാ കാണുന്ന ഒരു സസ്യ ഉപഗണത്തിന്റെയോ ഒന്നിൽ കൂടുതൽ സസ്യഉപഗണങ്ങളുടെയോ, വളർന്നുകൊണ്ടിരിക്കുന്ന സസ്യശേഖരം എന്നർത്ഥമാകുന്നു ;

(എഫ്) പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ കാര്യത്തിൽ 'ഉടമ' എന്നതിൽ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂമിയുടെ പണയ കൈവശക്കാരനോ പാട്ടക്കാരനോ കൈവശത്തിനും അനുഭവത്തിനും അവകാശമുള്ള മറ്റേതൊരാളുമോ ഉൾപ്പെടുന്നതുമാകുന്നു;

(ജി) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) 'റിസർവ് വനങ്ങൾ' എന്നാൽ 1961-ലെ കേരള വനം ആക്റ്റ് (1962-ലെ 4) 19-ാം വകുപ്പ് പ്രകാരം റിസർവ് ചെയ്യപ്പെട്ട വനങ്ങളും കൂടാതെ പ്രസ്തുത ആക്റ്റ് നാലാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട വനങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

(ഐ) 'ട്രൈബ്യൂണൽ' എന്നാൽ ഈ ആക്റ്റിലെ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു ;

(ജെ) 'നിക്ഷിപ്ത വനങ്ങൾ' എന്നാൽ 1971-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്റ്റ് (1971-ലെ 26), 3-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനം എന്നർത്ഥമാകുന്നു.

**3.** <u>പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന്.</u>—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേത് നിയമത്തിലോ, ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റേയോ വിധിയിലോ, ഡിക്രിയിലോ, ഉത്തരവിലോ, ഏതെങ്കിലും നാട്ടാചാരത്തിലോ, കരാറിലോ, മറ്റു പ്രമാണങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ഏതെങ്കിലും ആളിന്റെ കൈവശമുള്ള പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ എല്ലാ ഭൂപ്രദേശങ്ങളുടെയും ഉടമസ്ഥതയും കൈവശാവകാശവും മറ്റേതെങ്കിലും തരത്തിൽ അതിൻമേലുള്ള അവകാശവും എല്ലാ ബാധ്യതകളിൽനിന്നും വിമുക്തമായി കൈമാറി സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും, ഉടമസ്ഥന്റേയോ മറ്റേതെങ്കിലും ആളുടെയോ അതിൻമേലുള്ള അവകാശവും ഉടമസ്ഥാവകാശവും, അവകാശ ബന്ധവും പ്രസ്തുത തീയതി മുതൽ ഇല്ലാതായിത്തീരുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഭൂപ്രദേശങ്ങൾ സൂക്ഷിപ്പുകാരൻ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും ഉടമസ്ഥനെ രേഖാമൂലം അറിയിക്കേണ്ടതും ആ വിജ്ഞാപനം 15-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഉപദേശകസമിതിയുടെ മുൻപാകെ സൂക്ഷ്മപരിശോധനയ്ക്കായി വയ്ക്കേണ്ടതുമാണ്.

**4.** <u>പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളാണെന്ന് പ്രഖ്യാപിക്കാനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ 15-ാം വകുപ്പിൻ കീഴിൽ ഈ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ ശുപാർശ പ്രകാരം ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഏതൊരു ഭൂമിയെയും പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമാണെന്ന് പ്രഖ്യാപിക്കാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഉടമയ്ക്ക് പറയുവാനുള്ള കാര്യങ്ങൾ ബോധിപ്പിക്കാൻ 30 ദിവസത്തെ നോട്ടീസ് നൽകാതെ (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു പ്രഖ്യാപനം നടത്തുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പിൻ കീഴിലുള്ള നോട്ടീസ് പുറപ്പെടുവിച്ച് കഴിഞ്ഞശേഷം യാതൊരാളും പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമാണെന്ന് പ്രഖ്യാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമിയുടെ നിയമപരമോ ഭൗതികമോ ആയ സ്ഥിതിയോ ഉടമസ്ഥതയോ രൂപഭേദപ്പെടുത്തുവാൻ പാടുള്ളതല്ല.

(4) പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളാണെന്ന് (1)-ാം ഉപവകുപ്പ് പ്രകാരം ഉള്ള പ്രഖ്യാപന തീയതി മുതൽ, അങ്ങനെയുള്ള ഭൂമിയുടെ ഉടമസ്ഥതയും, കൈവശാവകാശവും മറ്റേതെങ്കിലും തരത്തിൽ അതിൻമേലുള്ള അവകാശവും ഈ ആക്റ്റിൻ കീഴിലെ വ്യവസ്ഥകൾക്ക് വിധേയമായി, എല്ലാ

ബാധ്യതകളിൽ നിന്നും വിമുക്തമായി കൈമാറി സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും ഉടമയുടെയോ മറ്റേതെങ്കിലും ആളുടേയോ അവകാശവും ഉടമസ്ഥാവകാശവും അവകാശബന്ധവും പ്രസ്തുത തീയതി മുതൽ ഇല്ലാതായിത്തീരുന്നതുമാണ്.

**5.** പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങൾ റിസർവ് വനമായി കരുതപ്പെടേണ്ടതാണെന്ന്.—**16**-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി **3**-ാം വകുപ്പും **4**-ാം വകുപ്പും പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ എല്ലാ ഭൂപ്രദേശങ്ങളും **1961**-ലെ കേരള വനം ആക്റ്റ് (**1962**-ലെ **4**) പ്രകാരം രൂപീകരിച്ച റിസർവ്വ് വനങ്ങളായി കരുതപ്പെടേണ്ടതും ആ ആക്റ്റിലെ വ്യവസ്ഥകൾ കഴിയുന്നത്ര അങ്ങനെയുള്ള ഭൂമിക്ക് ബാധകമാകുന്നതുമാണ്.

**6.** അതിർത്തി രേഖപ്പെടുത്തൽ.—**(1)** ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷമോ **4**-ാം വകുപ്പ് **(1)**-ാം ഉപവകുപ്പിൻ കീഴിലെ വിജ്ഞാപനത്തിനു ശേഷമോ, അതതു സംഗതിപോലെ, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ, സൂക്ഷിപ്പുകാരൻ **3**-ാം വകുപ്പ് പ്രകാരമോ **4**-ാം വകുപ്പ് പ്രകാരമോ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം നടത്തിക്കേണ്ടതാണ്.

**(2)** **10**-ാം വകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ട്രൈബ്യൂണലിന്റെ പരിഗണനയിൽ ഇരിക്കുകയാണെങ്കിൽത്തന്നെയും, **3**-ാം വകുപ്പ് പ്രകാരമോ **4**-ാം വകുപ്പ് പ്രകാരമോ ഏതെങ്കിലും ഭൂമി സർക്കാരിൽ നിക്ഷിപ്തമാണെന്ന് സൂക്ഷിപ്പുകാരന് ബോദ്ധ്യമുള്ളപക്ഷം അദ്ദേഹത്തിന് അതിന്റെ അതിർത്തി നിർണ്ണയം നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതാണ്.

**7.** അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ.—**(1)** സൂക്ഷിപ്പുകാരനോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ **3**-ഉം **4**-ഉം വകുപ്പനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശത്തിലെ ഏതൊരു ഭൂമിയുടെയും കൈവശക്കാരനെ മുപ്പതു ദിവസത്തെ നോട്ടീസ് നൽകിയശേഷം ഒഴിപ്പിക്കേണ്ടതാണ്.

**(2)** തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സൂക്ഷിപ്പുകാരനോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ **(1)**-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച നോട്ടീസ് അനുസരിച്ച് ഭൂമിയിൽനിന്നും ഒഴിയാൻ വിസമ്മതിക്കുന്ന ഏതൊരാളെയും ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**8.** <u>നിക്ഷിപ്തമാക്കുന്നതിനുള്ള നഷ്ടപരിഹാരം</u>.—(1) 4-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച്, അതിന്റെ ഉടമയ്ക്ക് പ്രസ്തുത ഭൂമിക്ക് അതിലെ സ്ഥായിയായ ദേഹണ്ഡങ്ങൾക്കുൾപ്പെടെ, നഷ്ട പരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനോ ഉടമയുടെയോ മറ്റേതെങ്കിലും ആളുടേയോ അവകാശവും ഉടമാവകാശവും, അവകാശബന്ധവും ഇല്ലാതാകുന്നതിനോ യാതൊരു നഷ്ടപരിഹാരവും നൽകേണ്ടതില്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ നഷ്ടപരിഹാരവും അത് നൽകേണ്ട വിധവും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ തീരുമാനിക്കേണ്ടതാണ്.

**9.** <u>ട്രൈബ്യൂണലുകളുടെ രൂപീകരണം</u>.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഒന്നോ ഒന്നിൽ കൂടുതലോ ട്രൈബ്യൂണലുകൾ രൂപീകരിക്കാവുന്നതാണ്.

(2) ട്രൈബ്യൂണൽ, ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ആഫീസർ ആയിരിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ഒന്നിൽ കൂടുതൽ ട്രൈബ്യൂണലുകൾ രൂപീകരിക്കുകയാണെങ്കിൽ ഓരോ ട്രൈബ്യൂണലിന്റെയും അധികാരാതിർത്തികൂടി സർക്കാർ നിർവ്വചിക്കേണ്ടതാണ്.

(4) ട്രൈബ്യൂണൽ അതിന്റെ അധികാരപരിധിയിൽപ്പെടുന്ന എല്ലാ കാര്യങ്ങളും തീരുമാനിക്കേണ്ടതും, റിക്കാർഡിൽ തെറ്റുള്ള പക്ഷം അതിന്റെ ഏതെങ്കിലും തീരുമാനം ട്രൈബ്യൂണലിന് പുനഃപരിശോധന നടത്തുകയോ അതിലുള്ള കണക്ക് സംബന്ധമായ തെറ്റോ കൈത്തെറ്റോ ശരിയാക്കുകയോ ചെയ്യാവുന്നതും ആകുന്നു.

(5) ട്രൈബ്യൂണൽ അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

**10.** <u>ട്രൈബ്യൂണൽ തീർപ്പാക്കുന്ന തർക്കങ്ങൾ</u>.—(1) (എ) ഏതെങ്കിലും ഭൂമി പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഒരു ഭൂപ്രദേശം ആണെന്നോ അല്ലെന്നോ; അഥവാ

(ബി) ഏതെങ്കിലും പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമോ അതിന്റെ ഭാഗമോ സർക്കാരിൽ നിക്ഷിപ്തമാണെന്നോ അല്ലെന്നോ; അഥവാ

(സി) 8-ാം വകുപ്പുപ്രകാരം തീരുമാനിച്ചിട്ടുള്ള നഷ്ടപരിഹാരം അപര്യാപ്തമാണെന്നോ അല്ലെന്നോ ഉള്ള ഏതെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം, പ്രസ്തുത ഭൂമി പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂമിയല്ലെന്നോ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഒരു ഭൂപ്രദേശം സർക്കാരിൽ നിക്ഷിപ്തമല്ലെന്നോ, നഷ്ട പരിഹാരം പര്യാപ്തമല്ലെന്നോ അവകാശം ഉന്നയിക്കുന്നയാൾ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ അഞ്ചു വർഷത്തിനകമോ അല്ലെങ്കിൽ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമാണെന്ന് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രഖ്യാപിച്ചു കൊണ്ടുള്ള വിജ്ഞാപനത്തീയതിയോ അല്ലെങ്കിൽ 8-ാം വകുപ്പ് പ്രകാരം നഷ്ടപരിഹാര അറിയിപ്പിന്റെ തീയതിയോ മുതൽ അതത് സംഗതിപോലെ ആറുമാസത്തിനകമോ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്യുന്ന സമയത്തിനകമോ തർക്കത്തിന്റെ തീർപ്പിനായി ട്രൈബ്യൂണലിൽ അപേക്ഷിക്കാവുന്ന താണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള വിവരങ്ങൾ അടങ്ങിയതുമായിരിക്കേണ്ടതാണ്.

(3) ഏതെങ്കിലും ഭൂമി പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമല്ലെന്നോ അഥവാ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഒരു പ്രദേശമോ അല്ലെങ്കിൽ അതിന്റെ ഭാഗമോ സർക്കാരിൽ നിക്ഷിപ്തമായിട്ടില്ലെന്നോ ട്രൈബ്യൂണൽ തീരുമാനിക്കുകയും,—

(എ) 11-ാം വകുപ്പ് പ്രകാരം ട്രൈബ്യൂണലിന്റെ തീരുമാനത്തിനെതിരെ, അതിൽ പറയുന്ന നിശ്ചിത കാലാവധിക്കുള്ളിൽ അപ്പീൽ സമർപ്പിച്ചിട്ടില്ലെങ്കിലോ; അഥവാ

(ബി) 11-ാം വകുപ്പനുസരിച്ച് സമർപ്പിച്ച അങ്ങനെയുള്ള അപ്പീൽ ഹൈക്കോടതി തള്ളിയിട്ടുണ്ടെങ്കിലോ;

(എ) ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന കാലാവധി അവസാനിച്ചശേഷമോ കഴിയുന്നത്ര വേഗം, അഥവാ അപ്പീൽ ഹൈക്കോടതി തള്ളിയ ഉത്തരവിന്റെ തീയതിക്കുശേഷമോ, അതതു സംഗതിപോലെ, കഴിയുന്നത്ര വേഗത്തിൽ സൂക്ഷിപ്പുകാരൻ അങ്ങനെയുള്ള ഭൂമിയോ അതിന്റെ ഭാഗമോ, ആ ഭൂമിയുടെ ഉടമയ്ക്ക് തിരിച്ചേൽപ്പിച്ച് കൊടുക്കേണ്ടതാണ്.

(4) 8-ാം വകുപ്പ് പ്രകാരം നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരം പര്യാപ്തമല്ലെന്ന് ട്രൈബ്യൂണൽ തീരുമാനിക്കുകയും നഷ്ടപരിഹാരത്തുക പുതുക്കി നിശ്ചയിക്കുകയും ചെയ്തിരിക്കുകയും,—

(എ) 11-ാം വകുപ്പ് പ്രകാരം ട്രൈബ്യൂണലിന്റെ തീരുമാനത്തിനെതിരെ നിശ്ചിത കാലാവധിക്കുള്ളിൽ അപ്പീൽ സമർപ്പിച്ചിട്ടില്ലെങ്കിലോ; അഥവാ

(ബി) 11-ാം വകുപ്പ് പ്രകാരം സമർപ്പിച്ച അപ്പീൽ ഹൈക്കോടതി തള്ളിയിട്ടുണ്ടെങ്കിലോ;

(എ) ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന കാലാവധി അവസാനിച്ചശേഷമോ അഥവാ ഹൈക്കോടതി അപ്പീൽ തള്ളിയ ഉത്തരവിന്റെ തീയതിക്കുശേഷമോ, അതതു സംഗതിപോലെ, സൂക്ഷിപ്പുകാരൻ, എത്രയും വേഗത്തിൽ അങ്ങനെയുള്ള ഭൂമിയുടെ ഉടമയ്ക്ക് അപ്രകാരമുള്ള നഷ്ടപരിഹാരം കൊടുക്കേണ്ടതാണ്.

[1][10 എ. രണ്ട് ഹെക്ടറിൽ കൂടുതൽ അല്ലാത്ത വിസ്തൃതിയുള്ള ഭൂപ്രദേശത്തെ സംബന്ധിച്ചുള്ള തർക്കപരിഹാരം.—(1) 10-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2000 ജൂൺ 2-ാം തീയതിയിൽ രണ്ട് ഹെക്ടറിൽ കൂടുതൽ അല്ലാത്ത വിസ്തൃതിയുള്ളതും 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടതുമായ ഭൂപ്രദേശത്തിന്റെ ഏതൊരു ഉടമയ്ക്കും അത്തരം ഭൂമി പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഒരു ഭൂപ്രദേശം ആണെന്നോ അല്ലെന്നോ ഉള്ള തർക്കം ഉണ്ടെങ്കിൽ അങ്ങനെയുള്ള തർക്കത്തിന്റെ തീർപ്പിനായി പ്രധാന മുഖ്യവനപാലകൻ മുൻപാകെ ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്:

എന്നാൽ 10-ാം വകുപ്പുപ്രകാരം ട്രൈബ്യൂണൽ തീരുമാനമെടുത്തുകഴിഞ്ഞ ഏതൊരു ഭൂപ്രദേശത്തെ സംബന്ധിച്ചും ഉള്ള യാതൊരു തർക്കവും (1)-ാം ഉപവകുപ്പുപ്രകാരം പുനരാരംഭിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപേക്ഷ ലഭിച്ചാൽ, 10 ബി വകുപ്പു പ്രകാരം രൂപീകരിച്ച പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശ അവകാശ തർക്ക പരിഹാരസമിതിക്ക് പ്രധാന മുഖ്യവനപാലകൻ ആ തർക്കം റഫർ ചെയ്യേണ്ടതും പ്രസ്തുത അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ഭൂപ്രദേശത്തെ സംബന്ധിച്ച് ഏതെങ്കിലും നടപടികൾ ട്രൈബ്യൂണൽ മുമ്പാകെ തീർപ്പാകാതെ കിടക്കുകയാണെങ്കിൽ പ്രസ്തുത ട്രൈബ്യൂണലിനെ വിവരം അറിയിക്കേണ്ടതും അങ്ങനെയുള്ള അറിയിപ്പിൻമേൽ പ്രസ്തുത ഭൂപ്രദേശത്തെ സംബന്ധിച്ച് ട്രൈബ്യൂണൽ മുമ്പാകെയുള്ള അനന്തര നടപടികൾ നിർത്തിവയ്ക്കപ്പെടുന്നതുമാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരമുള്ള റഫറൻസിൻമേൽ, പരിസ്ഥിതി ശാസ്ത്ര പരമായി ദുർബ്ബലമായ ഭൂപ്രദേശ അവകാശ തർക്ക പരിഹാരസമിതി, തർക്കഭൂമി പരിശോധിച്ചതിനുശേഷം പ്രസ്തുത ഭൂപ്രദേശത്തിന്റെ സ്വഭാവത്തേയും, ആ ഭൂമിയിലുള്ള വൃക്ഷങ്ങളെയും മറ്റ് സസ്യജാലങ്ങളെയും സംബന്ധിച്ച വിശദമായ ഒരു

1. 2009-ലെ 32-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്. (2009 ആഗസ്റ്റ് 20-ാം തീയതി പ്രാബല്യത്തിൽ വന്നു.)

റിപ്പോർട്ട് അപേക്ഷ കിട്ടി ആറ് മാസത്തിനകം പ്രധാന മുഖ്യവനപാലകന് സമർപ്പിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ പ്രധാന മുഖ്യവനപാലകൻ തന്റെ ശുപാർശയോടുകൂടി സർക്കാരിന് സമർപ്പിക്കേണ്ടതും അതിൻമേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(5) ഏതെങ്കിലും ഭൂപ്രദേശമോ അതിന്റെ ഭാഗമോ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമാണെന്നതാണ് (4)-ാം ഉപവകുപ്പുപ്രകാരം ഉള്ള തീരുമാനം എങ്കിൽ, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ, അപേക്ഷകൻ വിനിയോഗിക്കുന്ന ഇച്ഛ അനുസരിച്ച്, അങ്ങനെയുള്ള ഭൂപ്രദേശത്തെ സംബന്ധിച്ച് (2)-ാം ഉപവകുപ്പ് പ്രകാരം താൽക്കാലികമായി നിർത്തിവയ്ക്കപ്പെട്ട നടപടികൾ ട്രൈബ്യൂണൽ തുടരേണ്ടതാണ്.

(6) ഏതെങ്കിലും ഭൂപ്രദേശമോ അതിന്റെ ഭാഗമോ പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശം അല്ല എന്നതാണ് (4)-ാം ഉപവകുപ്പുപ്രകാരം ഉള്ള തീരുമാനം എങ്കിൽ, കഴിയുന്നത്ര വേഗത്തിൽ, സൂക്ഷിപ്പുകാരൻ, അങ്ങനെയുള്ള ഭൂമിയുടെയോ അതിന്റെ ഭാഗത്തിന്റെയോ, അതതു സംഗതിപോലെ, കൈവശാവകാശം ആ ഭൂമിയുടെ ഉടമയ്ക്ക് തിരികെ നൽകേണ്ടതും, പ്രസ്തുത ഭൂപ്രദേശം ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എപ്പോഴെങ്കിലും സർക്കാരിൽ നിക്ഷിപ്തമായിരുന്നതായി കരുതാൻ പാടില്ലാത്തതും, തിരികെ നൽകിയിട്ടുള്ള ഭൂമിയെ സംബന്ധിച്ച് ട്രൈബ്യൂണൽ മുമ്പാകെ തീർപ്പാകാതെ കിടക്കുന്നതും (2)-ാം ഉപവകുപ്പിൻപ്രകാരം താൽക്കാലികമായി നിർത്തിവയ്ക്കപ്പെട്ടതുമായ നടപടി, ട്രൈബ്യൂണൽ അവസാനിപ്പിക്കേണ്ടതും ആണ്.

(7) 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽക്കോ അല്ലെങ്കിൽ 3-ാം വകുപ്പിൻകീഴിൽ ആ ഭൂമി, പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമാണെന്ന് പ്രഖ്യാപിച്ച വിജ്ഞാപനത്തിന്റെ തീയതി മുതൽക്കോ, അതതുസംഗതിപോലെ, ആറ് മാസത്തിനുശേഷം തർക്കപരിഹാരത്തിനായി യാതൊരപേക്ഷയും ഈ വകുപ്പ് പ്രകാരം സമർപ്പിക്കുവാൻ പാടുള്ളതല്ല.

(8) (1)-ാം ഉപവകുപ്പുപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഫാറവും രീതിയും ഫീസും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

10 ബി. <u>പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശ അവകാശ തർക്ക പരിഹാരസമിതിയുടെ രൂപീകരണം.</u>—2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്ര

പരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം കഴിയുന്നതുംവേഗം 10 എ വകുപ്പ് പ്രകാരമുള്ള തർക്കങ്ങൾ തീർപ്പാക്കുന്നതിനുവേണ്ടി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശ അവകാശ തർക്ക പരിഹാര സമിതി എന്ന പേരിൽ ഒരോ വനം ഡിവിഷനിലും സമിതികൾ രൂപീകരിക്കാവുന്നതാണ്.

(2) സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) പ്രാദേശിക ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ/വൈൽഡ് ലൈഫ് വാർഡൻ, അദ്ദേഹം സമിതിയുടെ ചെയർമാൻ ആയിരിക്കേണ്ടതാണ്;

(ii) വർക്കിംഗ് പ്ലാൻ ആഫീസർ, അദ്ദേഹം സമിതിയുടെ കൺവീനർആയിരിക്കേണ്ടതാണ്;

(iii) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ വരുന്ന വ്യത്യസ്ത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള രണ്ട് ശാസ്ത്രജ്ഞർ;

(iv) പരിശോധനാ വിധേയമാക്കുന്ന സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ നിയമസഭാംഗം;

(v) പരിശോധനാ വിധേയമാക്കുന്ന സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്;

(vi) ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത, പരിശോധനാ വിധേയമാക്കുന്ന സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ കൃഷി ആഫീസർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആൾ;

(vii) ഒരു റവന്യൂ ഡിവിഷണൽ ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത, പരിശോധനാ വിധേയമാക്കുന്ന സ്ഥലം ഉൾക്കൊള്ളുന്ന പ്രദേശത്തെ റവന്യൂ ആഫീസർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആൾ;

(3) സമിതിയുടെ പ്രവർത്തനങ്ങൾക്കായുള്ള ചട്ടങ്ങൾ നിർണ്ണയിക്കപ്പെടുന്ന പ്രകാരത്തിലായിരിക്കേണ്ടതാണ്.]

**11.** <u>ഹൈക്കോടതി മുമ്പാകെയുള്ള അപ്പീൽ.</u>—(1) ട്രൈബ്യൂണലിന്റെ തീരുമാനത്തിനെതിരെ ആക്ഷേപമുള്ളപക്ഷം സർക്കാരിനോ ഏതെങ്കിലും ആളിനോ ആ തീരുമാനത്തിന്റെ തീയതി മുതൽ അറുപതു ദിവസത്തിനകം പ്രസ്തുത തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, അപ്പീൽ ഹർജിക്കാരൻ അറുപതു ദിവസത്തിനുശേഷം ബോധിപ്പിക്കുന്ന അപ്പീൽ മേൽപ്പറഞ്ഞ കാലാവധിക്കുള്ളിൽ ബോധിപ്പിക്കാത്തതിന് തക്കതായ കാരണം ഉണ്ടെന്ന് ഹൈക്കോടതിക്ക് ബോധ്യം വന്നാൽ ആ അപ്പീൽ ഹൈക്കോടതിക്ക് സ്വീകരിക്കാവുന്നതാണ്.

(2) അപ്പീൽ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ ആയിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സത്യബോധപ്പെടുത്തിയിരിക്കേണ്ടതും അഞ്ഞൂറു രൂപ ഫീസോടുകൂടി ആയിരിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ സ്വീകരിച്ചുകഴിഞ്ഞാൽ, ഹൈക്കോടതി ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് നേരിട്ടോ പ്രതിനിധി മുഖേനയോ ബോധിപ്പിക്കുവാൻ ന്യായമായ അവസരം കൊടുത്തതിനുശേഷം,—

(എ) ട്രൈബ്യൂണലിന്റെ തീരുമാനം സ്ഥിരീകരിക്കുകയോ, റദ്ദു ചെയ്യുകയോ;

(ബി) ആ തീരുമാനം അസ്ഥിരപ്പെടുത്തുകയും ഹൈക്കോടതി നിർദ്ദേശിച്ചേക്കാവുന്ന പ്രകാരം വീണ്ടും അന്വേഷണം നടത്തി തീർപ്പാക്കുന്നതിന് ട്രൈബ്യൂണലിലേക്ക് മടക്കി അയയ്ക്കുകയും ചെയ്യുകയോ; അഥവാ

(സി) അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് ഉത്തരവുകൾ പാസ്സാക്കുകയോ, ചെയ്യാവുന്നതാണ്.

(4) ഏതെങ്കിലും ഭൂമി, പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഒരു ഭൂപ്രദേശമല്ലെന്നോ അഥവാ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമോ അതിന്റെ ഭാഗമോ സർക്കാരിൽ നിക്ഷിപ്തമായിട്ടില്ലെന്നോ ഹൈക്കോടതി തീരുമാനിക്കുകയാണെങ്കിൽ അങ്ങനെയുള്ള ഭൂമി അല്ലെങ്കിൽ അതിന്റെ ഭാഗം, അതത് സംഗതിപോലെ, സൂക്ഷിപ്പുകാരൻ ഉടമയ്ക്ക് എത്രയുംവേഗം തിരിച്ചേൽപ്പിച്ചു കൊടുക്കേണ്ടതാണ്.

(5) 8-ാം വകുപ്പ് പ്രകാരമോ 10-ാം വകുപ്പ് പ്രകാരമോ നിശ്ചയിച്ച നഷ്ടപരിഹാരം പര്യാപ്തമല്ലെന്ന് ഹൈക്കോടതി തീരുമാനിക്കുകയും കൂടുതൽ നഷ്ടപരിഹാരം നിശ്ചയിക്കുകയും ചെയ്യുന്നെങ്കിൽ സൂക്ഷിപ്പുകാരൻ എത്രയും വേഗത്തിൽ ഹൈക്കോടതി നിശ്ചയിച്ച പ്രകാരമുള്ള നഷ്ടപരിഹാരം അങ്ങനെയുള്ള ഭൂമിയുടെ ഉടമയ്ക്ക് നൽകേണ്ടതാണ്.

12. ട്രൈബ്യൂണലിന്റെ അധികാരങ്ങൾ.—ഈ ആക്ട് പ്രകാരമോ അതിൻ കീഴിലോ നൽകപ്പെട്ടിരിക്കുന്ന ഏതെങ്കിലും അധികാരം വിനിയോഗിക്കുന്നതിലേക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ

അധികാരങ്ങളും താഴെ വിവരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ട്രൈബ്യൂണലിന് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളേയും സമൻസ് അയച്ച് വിളിപ്പിക്കുന്നതിനും ഹാജരാകാൻ നിർബന്ധിക്കുന്നതിനും അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടുപിടിച്ച് ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവുകൾ സ്വീകരിക്കുന്നതിനും;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനോ, പ്രാദേശിക അന്വേഷണം നടത്തുന്നതിനോ വേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിനും;

(ഇ) തീരുമാനം എടുക്കേണ്ടതായ ഏതൊരു വസ്തുവോ സാധനമോ പരിശോധിക്കുന്നതിനും;

(എഫ്) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ജി) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യവും.

**13.** സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഈ ആക്റ്റ് പ്രകാരമോ, ഇതിൻ കീഴിലോ, ട്രൈബ്യൂണലോ സൂക്ഷിപ്പുകാരനോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ തീർപ്പു കൽപ്പിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ തീർപ്പാക്കേണ്ടതായ ഏതെങ്കിലും സംഗതിയോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ തീർപ്പു കൽപ്പിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

**14.** സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവോ പ്രകാരമോ, സർക്കാരോ, ട്രൈബ്യൂണലോ, സൂക്ഷിപ്പുകാരനോ അഥവാ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഉത്തമ വിശ്വാസത്തോടുകൂടി ചെയ്തതോ ചെയ്യാനുദ്ദേശിച്ചിട്ടുള്ളതോ ആയ ഏതൊരു കാര്യം സംബന്ധിച്ചും അവർക്കെതിരെ യാതൊരു വ്യവഹാരമോ കുറ്റവിചാരണയോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

**15.** ഉപദേശക സമിതിയുടെ രൂപീകരണവും ചുമതലകളും.—(1) പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ വേർതിരിച്ചറിയുന്നതിനും പ്രസ്തുത ഭൂപ്രദേശങ്ങളെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി

പ്രഖ്യാപിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും വേണ്ടി സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഒരു ഉപദേശക സമിതി രൂപീകരിക്കാവുന്നതാണ്.

(2) ഉപദേശക സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അതായത്:—

| | | |
|---|---|---|
| (i) | പ്രധാന മുഖ്യ വനപാലകൻ | ചെയർമാൻ |
| (ii) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് നിയമസഭാ സാമാജികർ | അംഗങ്ങൾ |
| (iii) | വനംവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | അംഗം |
| (iv) | നിയമവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | അംഗം |
| (v) | റവന്യൂ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ | അംഗം |
| (vi) | ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ് | അംഗം |
| (vii) | ഡയറക്ടർ,കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി | അംഗം |
| (viii) | ഡയറക്ടർ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പച്ച, പാലോട് | അംഗം |
| (ix) | ഡയറക്ടർ, ഭൗമശാസ്ത്ര പഠനകേന്ദ്രം, തിരുവനന്തപുരം | അംഗം |
| (x) | ഡയറക്ടർ, ജലവിഭവ വികസന ക്രമീകരണ കേന്ദ്രം, കോഴിക്കോട് | അംഗം |
| (xi) | പ്രകൃതി സംരക്ഷണ രംഗത്തോ അല്ലെങ്കിൽ വന സംരക്ഷണ രംഗത്തോ പ്രവർത്തിക്കുന്ന മികച്ച സർക്കാർ ഇതര സംഘടനകളുടെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധി | അംഗം |

(3) സമിതി, പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ തിരിച്ചറിയേണ്ടതും അങ്ങനെയുള്ള ഭൂമി 4-ാം വകുപ്പ് പ്രകാരം പരിസ്ഥിതി ശാസ്ത്ര പരമായി ദുർബലമായ ഭൂപ്രദേശമായി പ്രഖ്യാപിക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്യേണ്ടതുമാണ്.

(4) സമിതി, (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് ശുപാർശ ചെയ്യുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ, അതായത്:—

(i) വൃക്ഷ സസ്യവർഗ്ഗങ്ങളുടെയും ജന്തുവർഗ്ഗങ്ങളുടെയും ബാഹുല്യം;

(ii) അപൂർവ്വമായതും ഒരു പ്രദേശത്ത് മാത്രമായി കാണുന്നതുമായ വൃക്ഷ സസ്യവർഗ്ഗങ്ങളും ജന്തുവർഗ്ഗങ്ങളും;

(iii) ജലസ്രോതസ്സുകൾ പരിരക്ഷിക്കുന്നതിനുള്ള പങ്ക്;

(iv) രണ്ടോ അതിൽകൂടുതലോ വന്യജീവി സങ്കേതങ്ങളെ ബന്ധിപ്പിക്കുന്ന ഇടനാഴി പ്രദേശങ്ങൾ;

(v) വന്യജീവി സംവർദ്ധന പ്രദേശങ്ങൾ; കൂടാതെ

(vi) പരിസ്ഥിതി ശാസ്ത്രപരമായി നിർണ്ണയിക്കപ്പെട്ടേക്കാവുന്ന മറ്റു അനുയോജ്യ മാനദണ്ഡങ്ങൾ എന്നിവ പരിഗണിക്കേണ്ടതും അത്തരം പ്രദേശത്തിന്റെ പരിസ്ഥിതി ശാസ്ത്രപരമായ പ്രാധാന്യത്തെക്കുറിച്ച് പ്രത്യേകം കണ്ടെത്തലുകൾ നടത്തേണ്ടതുമാണ്.

**16.** കാര്യകർത്തൃത്വ പദ്ധതി പ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളെ വനം വകുപ്പ് കൈകാര്യം ചെയ്യണമെന്ന്.—(1) സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളും, അതതു കാലത്ത് സർക്കാർ അംഗീകരിച്ച കാര്യകർത്തൃത്വ പദ്ധതികളിലെ വ്യവസ്ഥകൾ അനുസരിച്ച് വനംവകുപ്പ് കൈകാര്യം ചെയ്യേണ്ടതാണ്.

(2) റിസർവ് വന പ്രദേശങ്ങൾക്കും സംരക്ഷിത പ്രദേശങ്ങൾക്കും വേണ്ടിയുള്ള കർമ്മ പരിപാടികളും കാര്യകർത്തൃത്വ പദ്ധതികളും തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാരും ഭാരതസർക്കാരും അതതുസമയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി,—

(i) പ്രകൃതിദത്ത വിഭവങ്ങൾ പരിരക്ഷിക്കുന്നതിനും;

(ii) സസ്യവർഗ്ഗങ്ങളും ജന്തുവർഗ്ഗങ്ങളും ശൂന്യമാകുന്നതും ശുഷ്ക്ക മാകുന്നതും തടയുന്നതിനും;

(iii) ഉൽപ്പാദനക്ഷമതയും നിലനിൽപ്പും മെച്ചപ്പെടുത്തുന്നതിനും, കൂടാതെ

(iv) പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശത്തിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും;

ഉദ്ദേശിച്ചുകൊണ്ടുള്ള കാര്യകർതൃത്വ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം തയ്യാറാക്കുന്ന കാര്യകർതൃത്വ പദ്ധതികൾ തദ്ദേശ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവസന്ധാരണ മാർഗ്ഗങ്ങൾ സംബന്ധിച്ചുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ടുള്ളതായിരിക്കേണ്ടതാണ്.

**17.** വൈഷമ്യം നീക്കം ചെയ്യുവാനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം സർക്കാരിന്, അപ്രകാരമുള്ള വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏത് കാര്യവും ഉത്തരവുമൂലം, ചെയ്യാവുന്നതാകുന്നു:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ അഞ്ച് വർഷക്കാലത്തിനുശേഷം ഈ വകുപ്പിൻ കീഴിലുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

**18.** ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—**(1)** സർക്കാരിന് ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൻകാല പ്രാബല്യത്തോടെയോ ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം മൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

**(2)** ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, അതതു സംഗതിപോലെ, ആ ചട്ടങ്ങൾക്ക് അതിനുശേഷം ഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യമോ ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു:

എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

**19.** സാധൂകരണവും താൽക്കാലിക വ്യവസ്ഥകളും.—**(1)** **2001**-ലെ കേരള വനം പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും

കാര്യകർത്തൃത്വം നടത്തിപ്പും) ഓർഡിനൻസിന്റെ (2001-ലെ 16) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക), പ്രാബല്യം അവസാനിച്ചിട്ടുണ്ടായിരുന്നാലും:—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ഈ ആക്റ്റ് പ്രകാരം നിക്ഷിപ്തമാക്കപ്പെട്ടതായി കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും:—

ആകുന്നു.

(2) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം അവസാനിച്ചത്,—

(എ) അതിൻപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ ബാധ്യതയെയോ; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടിയെയോ അല്ലെങ്കിൽ പരിഹാര നടപടിയെയോ, ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നിയമനടപടിയോ പരിഹാര നടപടിയോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ആരംഭിക്കാവുന്നതോ തുടരാവുന്നതോ അല്ലെങ്കിൽ നടപ്പാക്കാവുന്നതോ ആകുന്നതുമാണ്.

(3) പ്രസ്തുത ഓർഡിനൻസിലോ ഏതെങ്കിലും കോടതിയുടെ വിധിയിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) ഈ ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങൾ ഒഴികെ യാതൊരു ഭൂമിയും, പ്രസ്തുത ഓർഡിനൻസിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും,

ഇല്ലെങ്കിലും, സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടതായോ അല്ലെങ്കിൽ എപ്പോഴെങ്കിലും നിക്ഷിപ്തമായിരുന്നതായോ കരുതപ്പെടാൻ പാടില്ലാത്തതും;

(ബി) പ്രസ്തുത ഓർഡിനൻസിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു വിജ്ഞാപനവും സൂക്ഷിപ്പുകാരൻ സ്വമേധയായോ അങ്ങനെയുള്ള ഭൂമിയുടെ ഉടമയുടെയോ കൈവശത്തിനും അനുഭവത്തിനും അവകാശമുള്ള മറ്റേതെങ്കിലും ആളുടെയോ ഒരു അപേക്ഷയിൻമേലോ സൂക്ഷ്മപരിശോധന നടത്തേണ്ടതും, ആവശ്യമെങ്കിൽ അങ്ങനെയുള്ള വിജ്ഞാപനം ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പുതുക്കി പുറപ്പെടുവിക്കേണ്ടതും;

ആകുന്നു.